I/27108/2023

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2328654**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

# കേരള വാട്ടർ അതോറിറ്റി

**ജലഭവൻ**
**തിരുവനന്തപുരം – 695033**

No. KWA-JB/1371/2023-N1(NPS) തീയതി:07-08-2023

**ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ പരിപത്രം.**

**തിരുവനന്തപുരം**

**PRESENT : SHIJITH V**

**വിഷയം**: NPS വരിക്കാരായ ജീവനക്കാരുടെ പേര്, ജനന തീയതി, പ്രവേശന തീയതി, റിട്ടയർമെൻറ് തീയതി എന്നീ വിവരങ്ങൾ NPS ഡാറ്റാബേസിൽ പരിഷ്കരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച്.

**സൂചന**: 24.07.2023 ന് CRA യിൽ നിന്നും ലഭിച്ച ഇ-മെയിൽ.

**പരിപത്രം**

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരുടെ പേര്, ജനന തീയതി, പ്രവേശന തീയതി, വിരമിക്കൽ തീയതി എന്നീ വിവരങ്ങൾ NPS ഡാറ്റാബേസിൽ പരിഷ്കരിക്കുന്നതിനുള്ള ചുമതലയിൽ നിന്ന് 2023 ജൂലൈ മാസം പതിനഞ്ചാം തീയതി മുതൽ NPS നോഡൽ ഓഫീസുകളെ ഒഴിവാക്കിയിരിക്കുന്നു എന്ന് CRA (സെൻട്രൽ റെക്കോർഡ് കീപ്പിങ് ഏജൻസി) -യിൽ നിന്നും അറിയിപ്പ് ലഭിച്ചു. ആയതിനാൽ ഇനിമുതൽ മേല്പറഞ്ഞ വിവരങ്ങൾ തിരുത്തൽ

വരുത്തുന്നതിന് ജീവനക്കാരൻ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രസക്തമായ അനുബന്ധ രേഖകൾ ബന്ധപ്പെട്ട DDO യഥാർത്ഥ രേഖകളോട് ഒത്തുനോക്കി ബോധ്യപ്പെട്ട ശേഷം മാത്രം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ചേർത്ത് വ്യക്തതയോടെ സ്കാൻ ചെയ്ത് ഇ-മെയിൽ മുഖേനയും ഹാർഡ് കോപ്പി ആയിട്ടും NPS സെല്ലിലേക്ക് അയച്ചുതരേണ്ടതാണ്. ആയതു NPS നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തി, NPS സെൽ CRA-യ്ക്ക് കൈമാറുന്ന മുറയ്ക്ക് CRA യിൽ നിന്നും ആണ് തിരുത്തലുകൾ വരുത്തുന്നത്.

കൂടാതെ, പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് NPS അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷഫോമിൽ മേല്പറഞ്ഞ വിവരങ്ങൾ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രമേ NPS സെല്ലിലേക്ക് അയക്കാൻ പാടുള്ളൂ എന്ന വിവരവും ഇതിനാൽ അറിയിക്കുന്നു.

SHIJITH V

FINANCE
MANAGER & CHIEF ACCOUNTS OFFICER

സ്വീകർത്താവ്: എല്ലാ ഡി.ഡി.ഓ - മാർക്കും

പകർപ്പ്: ഇ.ഇ ടു മാനേജിങ് ഡയറക്ടർ, ചീഫ് എൻജിനീയർ എച് ആർ ഡി & ജനറൽ.